# نصيحة الجمعة

تحت إشراف جمعية العلماء لجنوب كيرلا، كلّم ، الهند

(Dakshina Kerala Jam-iyyathul Ulama, Kollam, Kerala)

للأستاذ المولوي سي. اي. موسي الباقوي القاسمي : ٩٤٤٧٤٦٥٦٤٨

الإتصال: شمير الباقوي، ٩٤٤٩٥١٩٠٨٩٥

**തീയതി: 27/10/2017 വിഷയം: ജീവിത വിജയം**

➢ അല്ലാഹു വില കൽപ്പിച്ചതിന് വില മതിക്കേണ്ടവരാണ് വിശ്വാസികൾ. കാരണം അല്ലാഹു ഉടമയും മനുഷ്യൻ അടിമയുമാണ്. ഉടമ തന്നെ വില കൽപ്പിക്കുന്നതിന് അടിമ എന്തായാലും വില കൽപ്പിച്ചേ മതിയാകൂ. അല്ലാത്തപക്ഷം അത് അല്ലാഹുവിനെ അവമതിക്കലാകും.

➢ അല്ലാഹു അസാധാരണമാംവിധം വില കൽപ്പിച്ച കാര്യമാണ് കുടുംബവും കുടുംബബന്ധം ചേർക്കലും. മറ്റ് പലതിനെ കുറിച്ചും പറയാത്ത ശൈലിയാണ് ഇക്കാര്യത്തിൽ അല്ലാഹു സ്വീകരിച്ചത്.

عَنْ أَبِي هُرَيْرَةَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : قَالَ اللَّهُ عَزَّ وَجَلَّ : أَنَا الرَّحْمَنُ وَهِيَ الرَّحِمُ ، شَقَقْتُ لَهَا مِنَ اسْمِي ، فَمَنْ وَصَلَهَا وَصَلْتُهُ ، وَمَنْ قَطَعَهَا أَقْطَعُهُ فَأَبَتُّهُ(أبودود)

(=ഞാൻ റഹ്മാനാണ്. കുടുംബം ''റഹിമ്'' ആണ്. എന്റെ പേരിൽ നിന്ന് അടർത്തിയാണ് ആ പേര് നൽകിയത്. അതിനെ ചേർത്തവനെ ഞാൻ ചേർത്തു. അതിനെ മുറിച്ചവനെ ഞാൻ തീർത്തും മുറിച്ചിരിക്കുന്നു.)

പൂർണ്ണമായും വിവാഹബന്ധത്തെ വിഛേദിക്കുന്ന ത്വലാഖിന് അൽബത്ത: ത്വലാഖ് എന്നാണ് പറയുന്നത്. അതേ പ്രയോഗമാ ണ് ഇവിടെ അല്ലാഹു നടത്തിയിരിക്കുന്നത്. ഇത് അസാധാരണ ശൈലിയാണ്. തന്റെ പേര് അടർത്തി മറ്റൊന്നിന് നൽകുക എന്നതും അസാധാരണമാണ്. ഇതിൽ നിന്നും കുടുംബവും അതിന്റെ വിലയും മനസ്സിലാക്കാം.

➢ ഒരാളുടെ കുടുംബക്കാർ ആരാണ്? തന്റെ വാപ്പ, ഉമ്മ, വല്യുപ്പ, വല്ല്യുമ്മ എന്നിവരിലൂടെ തനിക്കുണ്ടാകുന്ന സ്വന്തക്കാരാണ് കുടുംബക്കാർ.

أَنَّ ذَوِي الْقُرْبَى هُمُ الَّذِينَ يَقْرُبُونَ مِنْهُ بِوِلَادَةِ الْأَبَوَيْنِ أَوْ بِوِلَادَةِ الْجَدَّيْنِ ، فَلَا وَجْهَ لِقَصْرِ ذَلِكَ عَلَى ذَوِي الرَّحِمِ الْمُحَرَّمِ (رازي)

അപ്പോൾ തന്റെ സഹോദരീസഹോദരങ്ങളും അവരുടെ മക്കളും കുടുംബക്കാരാണ്. പിതൃസഹോദരീസഹോദരങ്ങളും അവരുടെ മക്കളും, മാതൃസഹോദരീ സഹോരങ്ങളും അവരുടെ മക്കളും കുടുംബക്കാരാണ്.

➢ ഇവരോട് നല്ല ബന്ധം പുലർത്തേണ്ടത് ജീവിത വിജയത്തിന് അനിവാര്യമാണ്.

عَنْ عَلِيٍّ قَالَ، قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وسلم"مَنْ سَرَّهُ أَنْ يُمِدَّ اللَّهُ لَهُ فِي عُمْرِهِ وَيُوَسِّعَ لَهُ فِي رِزْقِهِ وَيَدْفَعَ عَنْهُ مِيْتَةَ السُّوءِ فَلْيَتَّقِ اللَّهَ وَلْيَصِلْ رَحِمَهُ (أحمد)

ആയുസും സമ്പത്തും മാത്രമല്ല നല്ല മരണവും ഈഹദീസിൽ ഉറപ്പ് പറയുന്നു. ഇരുലോക വിജയം എന്നർത്ഥം.ഇതിൽ വീഴ്ച വരുത്തുന്നത് ഇരുലോക ജീവിതവും നശിപ്പിക്കും. അല്ലാഹുവിന്റെ ശാപത്തിന് കാരണമാകും.

فَهَلْ عَسَيْتُمْ إِنْ تَوَلَّيْتُمْ أَنْ تُفْسِدُوا ......﴿محمد : ٢٢،٢٣﴾

عن علي بن الحسين رضي الله عنهما أنه قال لولده: يَا بُنَيَّ لَا تَصْحَبَنَّ قَاطِعَ رَحِمٍ فَإِنِّي وَجَدْتُهُ مَلْعُوناً في كتابِ الله فِي ثَلَاثة مَوَاضِعَ (الكبائر الذهبي)

➢ കുടുംബ ബന്ധം നിലനിർത്തേണ്ട രീതിയും ദീൻ നിർദ്ദേശിക്കുന്നുണ്ട്.

1.സാമ്പത്തിക സഹായം ചെയ്യൽ:

കുടുംബത്തിലെ സാധുക്കൾ, സഹായം അർഹിക്കുന്നവർ എന്നിവരെ സഹായിക്കണം. നമ്മുടെ ദാനധർമ്മങ്ങളിൽ അവരെ ആദ്യം പരിഗണിക്കണം. അതിന് ഇരട്ട പ്രതിഫലം ലഭിക്കും.

عَنْ سَلْمَان قَالَ النَّبِيُّ (ص): الصَّدَقَةُ عَلَى الْمِسْكِينِ صَدَقَةٌ وَهِيَ عَلَى ذِي الرَّحِمِ اثْنَتَانِ صَدَقَةٌ وَصِلَةٌ (نسائي)

ചരിത്രം: അബൂത്വൽഹ(റ) തന്റെ പ്രസിദ്ധമായ ബൈറുഹാ തോട്ടം ദാനം ചെയ്യാൻ ഉദ്ദേശിച്ചു.

عَنْ أَنَس كَانَ لِأَبُو طَلْحَةَ حَائطٌ كَانَ يُعْجِبُهُ فَلَمَّا نَزَلَتْ هَذِهِ الْآيَةُ لَنْ تَنَالُوا الْبِرَّ حَتَّى تُنْفِقُوا مِمَّا تُحِبُّونَ قَالَ يَا رَسُولُ اللَّهِ هُوَ فِي سَبِيلِ اللهِ وَالْفُقَرَاءِ وَالْمَسَاكِينِز قَالَ وَجَبَ أَجْرُكَ فَاقْسِمْهُ فِي أَقَارِبِكَ وَقَالَ : " أَفْضَلُ الصَّدَقَةِ عَلَى ذِي الرَّحِمِ الْكَاشِحِ (إحياء)

2) ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുക.

കുടുംബക്കാരുടെ പഠനം, വിവാഹം, ചികിത്സാ, തൊഴിൽ, ഭവന കാര്യങ്ങൾ ഒറ്റക്കോ കൂട്ടായോ ഏറ്റെടുക്കുക. പൂർത്തീകരിക്കുക. എന്തെങ്കിലും കൊടുത്തിട്ട് കാര്യമില്ല.

عَنْ أَبِي هُرَيْرَةَ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: إِنَّ اللَّهَ فِي عَوْنِ الْعَبْدِ مَادَامَ الْعَبْدُ فِي عَوْنِ أَخِيهِ (مسلم)

3) കുടുംബാദികളെ ആദരിക്കുക. അവർ വീടുകളിൽ വന്നാൽ ശരിക്കും പരിഗണിക്കുക. വാപ്പയുടെ അഭാവത്തിൽ ജ്യേഷ്ഠന്മാരെ പരിഗണിക്കുക.

عَنْ كُلَيْبٍ الْجُهَنِيِّ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : الْأَكْبَرُ مِنَ الْأُخْوَةِ بِمَنْزِلَةِ الْأَبِ (طبراني)

فِي الْإِكْرَامِ وَالْاِحْتِرَامِ وَالرُّجُوعِ اِلَيْهِ وَالتَّعْوِيلِ عَلَيْهِ وَتَقْدِيمِهِ فِي الْمُهِمَّاتِ (شرح جامع الصعير)

(=ആദരവിൽ, മാനിക്കുന്നതിൽ, കൂടി ആലോചനയിൽ, കാര്യങ്ങൾ വിട്ടുകൊടുക്കുന്നതിൽ, മുഖ്യരംഗങ്ങളിൽ അവരെ മുന്തിക്കുന്നതിൽ എല്ലാം.)

4) ദുആ ചെയ്യുക

നമ്മുടെ ദുആകളിൽ എപ്പോഴും കുടുംബക്കാരെ ഉൾപ്പെടുത്തുക.

➢ ഈ ബന്ധം നിലനിർത്തിക്കൊണ്ടുപോകുന്നതിൽ ജനം മൂന്ന് വിഭാഗക്കാരാണ്.

فَهُمْ ثَلَاثُ دَرَجَاتٍ : وَاصِلٌ وَمُكَافِئٌ وَقَاطِعٌ (فتح الباري)

1) ബന്ധം ചേർക്കുന്നവൻ

فَالْوَاصِلُ مَنْ يَتَفَضَّلُ وَلَا يُتَفَضَّلُ عَلَيْهِ

(= ഇങ്ങോട്ടുള്ളത് നോക്കാതെ അങ്ങോട്ട് കടമകൾ പൂർത്തീകരിക്കുന്നവർ)

2. പകരക്കാരൻ

وَالْمُكَافِئُ الَّذِي لَا يَزِيدُ فِي الْإِعْطَاءِ عَلَى مَا يَأْخُذُ

(= ഇങ്ങോട്ടുള്ളതിന് പകരം അങ്ങോട്ട് കടമ വീട്ടുന്നവൻ. തനിക്ക് കിട്ടിയതിനേക്കാൾ അയാൾ കൂട്ടുകയില്ല.)

3. ബന്ധം മുറിക്കുന്നവർ

وَالْقَاطِعُ الَّذِي يُتَفَضَّلُ عَلَيْهِ وَلَا يَتَفَضَّلُ

(= ഇങ്ങോട്ട് ലഭിച്ചാലും അങ്ങോട്ട് കൊടുക്കാത്തവൾ)

ഇതിൽ ബന്ധവിഛേദം പരലോകം നഷ്ടമാക്കും.

وَالَّذِينَ يَنْقُضُونَ عَهْدَ اللَّهِ مِنْ بَعْدِ مِيثَاقِهِ وَيَقْطَعُونَ مَا أَمَرَ اللَّهُ بِهِ أَنْ يُوصَلَ وَيُفْسِدُونَ فِي الْأَرْضِ ۙ أُولَٰئِكَ لَهُمُ اللَّعْنَةُ وَلَهُمْ سُوءُ الدَّارِ﴿الرعد: ٢٥﴾ ■